Join Now: https://join.hsslive.in Downloaded from https://www.hsslive.in ®

**SY-548**

**Reg. No. : ....................................**

**Name : .........................................**

**SECOND YEAR HIGHER SECONDARY EXAMINATION, MARCH – 2024**

Part – III

**BUSINESS STUDIES**

Maximum : 80 Scores

Time : 2½ Hours

Cool-off time : 15 Minutes

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except non-programmable calculators are not allowed in the Examination Hall.

OGY Academy Outstanding Guidance for Youth

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.



For Free Carrier Counselling contact :+91 8891314091

Join Now: https://join.hsslive.in Downloaded from https://www.hsslive.in ®

**Answer any 7 questions from 1 to 9. Each carries 1 score.** **(7 × 1 = 7)**

1. Which of the following best describes the nature of management as an art ?
   (a) Personalized application (b) Perfection through practice
   (c) Role of creativity (d) All of these

2. How many principles of management are given by Henri Fayol in his famous book published in 1917 ?
   (a) 7 (b) 14
   (c) 11 (d) 4

3. Choose the characteristic of a good brand name.
   (a) It should be long.
   (b) It should be difficult to recognize.
   (c) It should be easy to pronounce.
   (d) It should be identical to another brand name.

OGY Academy
Outstanding Guidance for Youth

4. Give the full form of RoI.

5. The highest level of need in the Maslow's Need Hierarchy Theory is :
   (a) Basic Physiological Needs (b) Self Actualisation Needs
   (c) Esteem Needs (d) Safety/Security Needs

6. The last step in controlling function is :
   (a) Taking corrective action
   (b) Taking disciplinary action
   (c) Assessing the standards of performance
   (d) Assessing the business environment

7. Which one of the following does not follow scalar chain ?
   (a) Informal organisation (b) Functional structure
   (c) Formal organisation (d) Divisional structure



For Free Carrier Counselling contact :+91 8891314091

Join Now: https://join.hsslive.in Downloaded from https://www.hsslive.in ®

**1 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 7 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം.** **(7 × 1 = 7)**

1. ഒരു കലയെന്ന നിലയിൽ മാനേജ്മെന്റിന്റെ സ്വഭാവം വ്യക്തമാക്കുന്നതേത് ?
   (a) വ്യക്തിഗത ആവിഷ്ക്കാരം (b) പരിശീലനത്തിലൂടെയുള്ള പൂർണത
   (c) സർഗാത്മകതയുടെ പങ്ക് (d) ഇവയെല്ലാം

2. 1917ൽ പ്രസിദ്ധീകരിച്ച തന്റെ വിഖ്യാത കൃതിയിലൂടെ എത്ര മാനേജ്മെന്റ് തത്വങ്ങളാണ് ഹെൻറി ഫയോൾ സംഭാവന ചെയ്തത് ?
   (a) 7 (b) 14
   (c) 11 (d) 4

3. ഉത്തമമായ ബ്രാൻഡ് നാമത്തിന്റെ സവിശേഷത കണ്ടെത്തുക.
   (a) നീളമേറിയതാകണം
   (b) തിരിച്ചറിയാൻ ബുദ്ധിമുട്ടനുഭവപ്പെടണം
   (c) ഉച്ചരിക്കാൻ എളുപ്പമുണ്ടാകണം
   (d) മറ്റൊരു ബ്രാൻഡ് നാമത്തോട് സാമ്യം ഉണ്ടാകണം

OGY Academy
Outstanding Guidance for Youth

4. പൂർണരൂപമെഴുതുക – RoI.

5. മാസ്ലോയുടെ ആവശ്യശ്രേണി സിദ്ധാന്തമനുസരിച്ച് മനുഷ്യന്റെ ഏറ്റവും ഉന്നതമായ ആവശ്യമാണ് :
   (a) അടിസ്ഥാന ശാരീരിക ആവശ്യങ്ങൾ
   (b) ആത്മസാക്ഷാല്ക്കാര ആവശ്യങ്ങൾ
   (c) ആത്മാഭിമാന ആവശ്യങ്ങൾ
   (d) സുരക്ഷാ ആവശ്യങ്ങൾ

6. നിയന്ത്രണ ധർമത്തിലെ അന്തിമ ഘട്ടമാണ്
   (a) തിരുത്തൽ നടപടി സ്വീകരിക്കുക
   (b) അച്ചടക്കനടപടി കൈക്കൊള്ളുക
   (c) പ്രകടനനിലവാരം വിലയിരുത്തുക
   (d) വ്യാപാര പരിസ്ഥിതി വിലയിരുത്തുക

7. താഴെപ്പറയുന്നവയിൽ സ്കാലാർ ചെയിൻ അഥവാ അധികാരശ്രേണി പിൻതുടരാത്തത് ഏത് ?
   (a) അനൗചാരിക സംഘടന (b) ഫങ്ഷണൽ ഘടന
   (c) ഔപചാരിക സംഘടന (d) ഡിവിഷണൽ ഘടന



For Free Carrier Counselling contact :+91 8891314091

Join Now: https://join.hsslive.in Downloaded from https://www.hsslive.in ®

8. In staffing function, which combination of activities in sequential order is correct ?
   (a) Recruitment, Selection, Training, Placement
   (b) Selection, Training, Recruitment, Placement
   (c) Recruitment, Selection, Placement, Training
   (d) Recruitment, Training, Selection, Placement

9. Which function of management brings the gap between where we are and where we want to go ?
   (a) Planning (b) Co-ordination
   (c) Controlling (d) Organising

**Answer any 7 questions from 10 to 17. Each carries 2 scores.** **(7 × 2 = 14)**

10. Distinguish between Fixed Capital and Working Capital.

11. A visiting card with imaginary details is given below :

**ALPHA SYNTHETICS LTD.**
**DR. SWAASTHYA DILEEP**
**[CEO]**
**KK LANE, ERNAKULAM – 688525**
**Mobile : 9168121997**

OGY Academy Outstanding Guidance for Youth

   (a) Identify the level of management Dr. Swaasthya Dileep belongs to.
   (b) Mention any one function of that level of management.

12. Point out any two advantages of divisional structure.

13. Give the meaning of Organising function.

14. Fill up the missing item as per the hint given.

| **Hint : Factories Act** | **1948** |
|---|---|
| (a) Consumer Protection Act | ? |
| (b) Companies Act | ? |



For Free Carrier Counselling contact :+91 8891314091

Join Now: https://join.hsslive.in Downloaded from https://www.hsslive.in ®

8. ഉദ്യോഗവല്ക്കരണ പ്രക്രിയയിലെ വിവിധ പ്രവർത്തനങ്ങളെ തുടർച്ചയായി ക്രമപ്പെടുത്തിയാൽ, ശരിയായ ക്രമം ഏത് ?
   (a) റിക്രൂട്ട്മെന്റ്, തിരഞ്ഞെടുക്കൽ, പരിശീലനം, നിയോഗിക്കൽ
   (b) തിരഞ്ഞെടുക്കൽ, പരിശീലനം, റിക്രൂട്ട്മെന്റ്, നിയോഗിക്കൽ
   (c) റിക്രൂട്ട്മെന്റ്, തിരഞ്ഞെടുക്കൽ, നിയോഗിക്കൽ, പരിശീലനം
   (d) റിക്രൂട്ട്മെന്റ്, പരിശീലനം, തിരഞ്ഞെടുക്കൽ, നിയോഗിക്കൽ

9. നാം ഇപ്പോൾ എവിടെയാണെന്നും, ഇനി എങ്ങോട്ടാണ് പോകുന്നതെന്നും നിശ്ചയിച്ച് ഇവ തമ്മിലുള്ള അകലം ഇല്ലാതാക്കുന്ന മാനേജ്മെന്റ് ധർമമാണ് :
   (a) ആസൂത്രണം (b) ഏകോപനം
   (c) നിയന്ത്രണം (d) സംഘാടനം

**10 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 7 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം. (7 × 2 = 14)**

10. സ്ഥിരമൂലധനം, പ്രവർത്തനമൂലധനം എന്നിവയെ വ്യത്യാസപ്പെടുത്തുക.

11. സാങ്കല്പിക വിവരങ്ങൾ ഉൾക്കൊള്ളിച്ച ഒരു സന്ദർശന കാർഡ് ചുവടെ ചേർക്കുന്നു –

| |
|---|
| **ആൽഫാ സിന്തറ്റിക്സ് ലിമിറ്റഡ്**<br>**ഡോ. സ്വാസ്ഥ്യ ദിലീപ്**<br>**[സി.ഇ.ഒ]**<br>**കെ.കെ. ലെയ്ൻ, എറണാകുളം – 688525**<br>**മൊബൈൽ : 9168121997** |

OGY Academy Outstanding Guidance for Youth

   (a) ഡോ. സ്വാസ്ഥ്യ ദിലീപ് ഏതു മാനേജ്മെന്റ് തലത്തിൽ ഉൾപ്പെട്ടതാണെന്നു തിരിച്ചറിയുക.
   (b) ആ മാനേജ്മെന്റ് തലത്തിലെ ഏതെങ്കിലുമൊരു കർത്തവ്യം സൂചിപ്പിക്കുക.

12. ഡിവിഷണൽ ഘടനയുടെ ഏതെങ്കിലും രണ്ട് മേന്മകൾ കുറിക്കുക.

13. സംഘാടനം എന്ന ധർമത്തിന്റെ ആശയമെഴുതുക.

14. സൂചന പ്രകാരം, വിട്ടുപോയവ പൂർത്തിയാക്കുക.

| **സൂചന : ഫാക്ടറി നിയമം** | **1948** |
|---|---|
| (a) ഉപഭോക്തൃ സംരക്ഷണ നിയമം | ? |
| (b) കമ്പനി നിയമം | ? |



For Free Carrier Counselling contact :+91 8891314091

Join Now: https://join.hsslive.in Downloaded from https://www.hsslive.in ®

15. State any two relief available to consumers under CPA.

16. Identify the type of plan in each of the following :
    (a) No admission without permission.
    (b) Promotion is based on merit only.

17. Write the twin objectives of financial planning.

**Answer any 6 questions from 18 to 24. Each carries 3 scores.** **(6 × 3 = 18)**

18. Pick out the elements (factors) suitable to social environment of business.
    - Life expectancy
    - Bureaucracy
    - Customs and traditions
    - Tax rate
    - Literacy rate
    - Market situation

OGY Academy
Outstanding Guidance for Youth

19. Briefly explain the important financial decisions.

    **Hint :** Investment Decision | Financing Decision | Dividend Decision

20. Prepare a slide on the six consumer rights under the Consumer Protection Act. [Points only]

21. Bring out the importance of controlling by explaining any three points.

22. Write short notes on :
    (a) Authority
    (b) Responsibility
    (c) Accountability



For Free Carrier Counselling contact :+91 8891314091

Join Now: https://join.hsslive.in Downloaded from https://www.hsslive.in ®

15. CPA പ്രകാരം ഉപഭോക്താക്കൾക്കു ലഭ്യമായ ഏതെങ്കിലും രണ്ടു പരിഹാരമാർഗങ്ങൾ പ്രസ്താവിക്കുക.

16. താഴെക്കൊടുത്തിരിക്കുന്ന ഓരോ പ്രസ്താവനയും സൂചിപ്പിക്കുന്നത് ഏതു തരം പ്ലാൻ ആണെന്നു തിരിച്ചറിയുക.

(a) അനുവാദം കൂടാതെ പ്രവേശിക്കരുത്.

(b) യോഗ്യതയുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും സ്ഥാനക്കയറ്റം

17. ധനകാര്യ ആസൂത്രണത്തിന്റെ ഇരട്ടലക്ഷ്യങ്ങൾ ഏതെല്ലാമെന്ന് എഴുതുക.

**18 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(6 × 3 = 18)**

18. ബിസിനസിന്റെ സാമൂഹ്യപരിസ്ഥിതിയോടു ബന്ധമുള്ള ഘടകങ്ങൾ തിരഞ്ഞെടുത്തെഴുതുക

- ആയുർദൈർഘ്യം
- ഉദ്യോഗസ്ഥമേധാവിത്വം
- ആചാരങ്ങളും അനുഷ്ഠാനങ്ങളും
- നികുതി നിരക്ക്
- സാക്ഷരതാ നിരക്ക്
- വിപണി അവസ്ഥ

OGY Academy
Outstanding Guidance for Youth

19. മുഖ്യധനകാര്യ തീരുമാനങ്ങളെപ്പറ്റി ചുരുക്കിയെഴുതുക.

**സൂചന :** നിക്ഷേപ തീരുമാനം | ധന സമാഹരണ തീരുമാനം | ലാഭവിഹിത തീരുമാനം

20. ഉപഭോക്തൃസംരക്ഷണനിയമം അനുശാസിക്കുന്ന ഉപഭോക്താക്കളുടെ ആറ് അവകാശങ്ങൾ ഉൾപ്പെടുന്ന ഒരു സ്ലൈഡ് തയാറാക്കുക. [പോയിന്റുകൾ മാത്രം]

21. ഏതെങ്കിലും മൂന്ന് പോയിന്റുകൾ വിശദീകരിച്ചുകൊണ്ട് നിയന്ത്രിക്കലിന്റെ പ്രാധാന്യം വ്യക്തമാക്കുക.

22. ലഘു കുറിപ്പുകൾ തയാറാക്കുക.

(a) അധികാരം

(b) ഉത്തരവാദിത്തം

(c) കണക്കു ബോധിപ്പിക്കൽ



For Free Carrier Counselling contact :+91 8891314091

Join Now: https://join.hsslive.in Downloaded from https://www.hsslive.in ®

23. Illustrate scalar chain with the help of a diagram.

24. List out any three merits of external sources of recruitment.

**Answer any 5 questions from 25 to 30. Each carries 5 scores.** **(5 × 5 = 25)**

25. (a) Who is known as the father of Scientific Management ? **(1)**

(b) Give the meaning of Scientific Management. **(2)**

(c) Name any two techniques of Scientific Management. **(2)**

26. Discuss the five major functions of Management.

27. Outline any five limitations of planning in detail.

28. Match the following :

[Hint : Meaning of elements in Communication process]

| A | B |
|---|---|
| (a) Sender | (i) the path/route for communication |
| (b) Feedback | (ii) the hindrance to communication |
| (c) Media | (iii) the source of communication |
| (d) Noise | (iv) the content or subject matter of communication |
| (e) Message | (v) the reply or response of the receiver |

OGY Academy Outstanding Guidance for Youth

29. Discuss any five important determinants of working capital requirements.

30. (a) Name the four 'P's of marketing. **(1)**

(b) Explain the elements in Marketing Mix. **(4)**

**Answer any 2 questions from 31 to 33. Each carries 8 scores.** **(2 × 8 = 16)**

31. (a) What is Selection ? **(1)**

(b) Why is it called a negative process ? **(2)**

(c) Explain the important tests used for selecting employees. **(5)**



For Free Carrier Counselling contact :+91 8891314091

Join Now: https://join.hsslive.in Downloaded from https://www.hsslive.in ®

23. ചിത്രത്തിന്റെ സഹായത്തോടെ, സ്കാലാർ ചെയിൻ (അധികാരശ്രേണി) എന്തെന്നു വിശദമാക്കുക.

24. റിക്രൂട്ട്മെന്റിന്റെ ബാഹ്യസ്രോതസ്സുകൾ ഉപയോഗിച്ചാലുണ്ടാകാവുന്ന ഏതെങ്കിലും മൂന്നു നേട്ടങ്ങൾ പട്ടികപ്പെടുത്തുക.

**25 മുതൽ 30 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ വീതം.** **(5 × 5 = 25)**

25. (a) 'ശാസ്ത്രീയമാനേജ്മെന്റിന്റെ പിതാവ്' എന്നറിയപ്പെടുന്നതാര് ? **(1)**

(b) ശാസ്ത്രീയമാനേജ്മെന്റ് എന്നതുകൊണ്ട് എന്താണർഥമാക്കുന്നത് ? **(2)**

(c) ശാസ്ത്രീയമാനേജ്മെന്റിലെ ഏതെങ്കിലും രണ്ടു സങ്കേതങ്ങളുടെ പേരെഴുതുക. **(2)**

26. മാനേജ്മെന്റിന്റെ അഞ്ചു സുപ്രധാന ധർമങ്ങൾ വിശദീകരിക്കുക.

27. ആസൂത്രണത്തിന്റെ ഏതെങ്കിലും അഞ്ചു പരിമിതികൾ സവിസ്തരം പ്രതിപാദിക്കുക.

28. ചേരുംപടി ചേർക്കുക.

[**സൂചന** : ആശയവിനിമയ പ്രക്രിയയിലുൾപ്പെട്ട ഘടകങ്ങളുടെ അർഥം]

| A | B |
|---|---|
| (a) പ്രേഷകൻ | (i) ആശയവിനിമയത്തിനുള്ള മാർഗം/സഞ്ചാരപഥം |
| (b) പ്രതികരണം | (ii) ആശയവിനിമയത്തിലെ മാർഗതടസം |
| (c) മാധ്യമം | (iii) ആശയവിനിമയത്തിന്റെ ഉദ്ഭവസ്ഥാനം |
| (d) ഒച്ച/ശബ്ദം | (iv) ആശയവിനിമയത്തിലെ ഉള്ളടക്കം അഥവാ വിഷയം |
| (e) സന്ദേശം | (v) സ്വീകർത്താവ് നല്കുന്ന മറുപടി |

29. പ്രവർത്തനമൂലധനത്തിന്റെ ആവശ്യകത നിർണയിക്കുന്ന ഏതെങ്കിലും അഞ്ചു പ്രധാനഘടകങ്ങൾ വിവരിക്കുക.

30. (a) വിപണനധർമത്തിലെ നാല് 'P' കളുടെ പേരു കുറിക്കുക. **(1)**

(b) വിപണനമിശ്രണഘടകങ്ങളെപ്പറ്റി വിശദീകരിക്കുക. **(4)**

**31 മുതൽ 33 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 8 സ്കോർ വീതം.** **(2 × 8 = 16)**

31. (a) എന്താണ് തിരഞ്ഞെടുക്കൽ ? **(1)**

(b) തിരഞ്ഞെടുക്കൽ ഒരു നിഷേധാത്മക (നെഗറ്റീവ്) പ്രക്രിയയാണെന്നു പറയാനുള്ള കാരണമെന്ത് ? **(2)**

(c) ജീവനക്കാരെ തിരഞ്ഞെടുക്കാൻ ഉപയോഗിക്കുന്ന വിവിധ സെലക്ഷൻ ടെസ്റ്റുകൾ വിശദീകരിക്കുക. **(5)**



For Free Carrier Counselling contact :+91 8891314091

Join Now: https://join.hsslive.in Downloaded from https://www.hsslive.in ®

32. Briefly explain any eight commonly used sales promotion activities.

33. (a) What is supervision ? **(2)**

(b) Examine any six multiple roles performed by a supervisor. **(6)**

OGY Academy
Outstanding Guidance for Youth



For Free Carrier Counselling contact :+91 8891314091

Join Now: https://join.hsslive.in Downloaded from https://www.hsslive.in ®

32. സെയിൽസ് പ്രൊമോഷന് അഥവാ വിക്രയ സംവർധനത്തിനുള്ള ഏതെങ്കിലും എട്ടു പ്രവർത്തനങ്ങൾ ചുരുക്കി പ്രതിപാദിക്കുക.

33. (a) മേൽനോട്ടം വഹിക്കൽ എന്നാലെന്ത് ? **(2)**

(b) ഒരു മേൽനോട്ടക്കാരന്റെ അഥവാ സൂപ്പർവൈസറുടെ സ്ഥാനം ഏതെങ്കിലും 6 പോയിന്റുകളെഴുതി വിശദീകരിക്കുക. **(6)**

OGY Academy
Outstanding Guidance for Youth



For Free Carrier Counselling contact :+91 8891314091

Join Now: https://join.hsslive.in Downloaded from https://www.hsslive.in ®

OGY Academy
Outstanding Guidance for Youth



For Free Carrier Counselling contact :+91 8891314091